പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** – 2702 12.02.2019–ലെ മറുപടി

**കാസർഗോഡ് ജില്ലയിലെ കുടിവെള്ളപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കിഫ്ബി പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും ചെമ്മനാട് പഞ്ചായത്തിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; | എ) ഒന്നാം ഘട്ടത്തിന് 76 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | ബി) 4 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ മൂന്ന് പാക്കേജുകളുടെ 70% പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ നാലാം പാക്കേജിൽ ഉൾപ്പെട്ട ചെമ്മനാട് പഞ്ചായത്തിലെ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ സാമൂഹ്യാഘാത പഠനം നടക്കുന്നതായിട്ടാണ് കാസർഗോഡ് ഡെപ്യൂട്ടി കളക്ടർ(ലാൻറ് അക്വിസിഷൻ) അറിയിച്ചിട്ടുള്ളത്. |
| സി) ചെമ്മനാട് പഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് തടസ്സം ഉണ്ടായ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചട്ടഞ്ചാൽ വ്യവസായ പാർക്കിലെ ഉയർന്ന ഒഴിഞ്ഞ സ്ഥലം ഇതിനായി ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) ചെമ്മനാട് പഞ്ചായത്തിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പരിസ്ഥിതി ആഘാതപഠനം നടന്നുവരികയാണെന്ന് ബന്ധപ്പെട്ട കാസർഗോഡ് (ലാൻറ് അക്വിസിഷൻ) ഡെപ്യൂട്ടി കളക്ടർ ന്റെ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ജലസംഭരണി നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ചട്ടഞ്ചാൽ വ്യവസായ പാർക്കിലെ ഒഴിഞ്ഞ സ്ഥലം ഇതുവരെ പരിഗണിച്ചിട്ടില്ല. സാധ്യതാ പഠനം നടത്തിയ ശേഷം നിശ്ചയിക്കപ്പെട്ട സ്ഥലം ലഭ്യമാകാത്ത ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സ്ഥലം സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ സാധിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ